**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 299** **11.06.2012 -ൽ മറുപടിയ്ക്ക്**

**ഇ - മെയിൽ വിവാദം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ വി. ഡി. സതീശൻ :<br>ശ്രീ റ്റി. എൻ. പ്രതാപൻ :<br>ശ്രീ എം. പി. വിൻസെന്റ് : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഇ - മെയിൽ വിവാദവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ ഇതുവരെ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>ബി) ഇത് സംബന്ധിച്ച കേസന്വേഷണം ക്രൈം ബ്രാഞ്ച് ആരംഭിച്ചിട്ടുണ്ടോ ;<br><br>സി) ആർക്കൊക്കെയെതിരെയാണ് കേസ്സ് എടുത്തിട്ടുള്ളത് ; | (എ) , (ബി) & (സി)<br><br>ഇ - മെയിൽ വിവാദവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 137/12 ആയി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്നുള്ള അന്വേഷണത്തിനായി ടി കേസ് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുകയും ചെയ്തു. ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു. ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ റിസർവ്വ് സബ്ബ് ഇൻസ്പെക്ടറായിരുന്ന ശ്രീ എസ്. ബിജു, ഹോമിയോപതി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പി. എ. ദസ്തക്കീർ, അഭിഭാഷകനായ ശ്രീ എസ്. ഷാനവാസ് എന്നിവരെ യഥാക്രമം ഒന്നു മുതൽ മൂന്ന് വരെ പ്രതികളാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| ഡി) കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ? | ഡി) കേസ് അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ